വി.വി.വി.എച്ച്.എസ് എസ്
അയത്തിൽ, കൊല്ലം




# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# ആമുഖം

കൊല്ലം ജില്ലയിൽ കൊല്ലം കോർപറേഷൻ പരിധിയിൽ വരുന്ന വടക്കേവിള സോണിൽ അയത്തിൽ എന്ന സ്ഥലത്ത് 1924 ൽ സ്ഥാപിതമായ എയിഡഡ് വിദ്യാലയമാണിത് . 1995 ൽ സ്കൂളിൽ VHSE വിഭാഗം ഉൾപ്പെടുത്തി. 2024-25 അധ്യയനവർഷം സ്കൂൾ ശതാബ്ദി ആഘോഷത്തിരക്കിലായിരുന്നു. VHSE, UP,HS വിഭാഗങ്ങളിലായി 1000 കുട്ടികൾ പഠിക്കുന്നുണ്ട്. up വിഭാഗത്തിൽ 10 ഉം HS വിഭാഗത്തിൽ 13 ഉം ഡിവിഷനുകൾ ഉണ്ട്. നിലവിൽ സ്കൂൾ പ്രിൻസിപ്പൽ ആയി ശ്രീ.പദ്മകുമാറും HM ആയി ശ്രീമതി. സജിത AR ഉം സേവനമനുഷ്ഠിക്കുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായവും പിന്തുണയും മനേജ്മെന്റിൽ നിന്നും ലഭ്യമാണ്.കുട്ടികളുടെ സർവോന്മുഖമായ വികസനം ലക്ഷ്യം വച്ചുള്ള പഠന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. പഠനത്തിലും കലാ കായിക രംഗത്തും മികവു പുലർത്താനുള്ള എല്ലാ അവസരങ്ങളും സ്കൂളിൽ ലഭ്യമാണ്. 2021, 2022, 2023, 2024 എന്നീ വർഷങ്ങളിൽ SSLC ക്ക് 100% വിജയം നേടി. 2025ലെ വിജയ ശതമാനം 99.46 ആയിരുന്നു. നിരവധി രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വിദഗ്ദ്ധർക്കു ജന്മം നൽകിയ ഈ പൊതുവിദ്യാലയം അതിന്റെ ജൈത്രയാത്ര തുടരുന്നു

# അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ

HS വിഭാഗത്തിൽ 19 അധ്യാപകരും UP വിഭാഗത്തിൽ 13 അധ്യാപകരും കൂടാതെ കായികം, സംഗീതം ചിത്രരചന എന്നീ വിഭാഗങ്ങളിൽ ഒരോ അധ്യാപകരും ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായിയുള്ള അധ്യാപികയുടെ സേവനവും ലഭ്യമാണ്. ഓഫീസ് വിഭാഗത്തിൽ 1 ക്ലർക്ക്, 2 ഓഫീസ് അസിസ്റ്റൻഡ്, 2 FT M എന്നിവരാണ് ഉള്ളത്.

## പൊതു ലക്ഷ്യങ്ങൾ

- ഒരോ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
- ഒരോ ഘട്ടത്തിലും കുട്ടി നേടേണ്ടുന്ന ധാരണകളും ശേഷികളും മുൻകൂട്ടി തയ്യാറാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവുകൾ പരമാവധി പ്രോൽസാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ വരെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പും ഉറപ്പാക്കുക
- സ്കൂൾ ലൈബ്രറി, ലബോറട്ടറി,എന്നിവ ആധുന കവൽക്കരിച്ച് പഠന പ്രക്രീയയുടെ ഭാഗമാക്കുക
- പഠനയാത്രകൾ , പഠന ക്യാമ്പുകൾ, ശിൽപ്പശാലകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കാർഷിക സംസംക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക
- പ്ലാസ്റ്റിക് വിമുക്ത ഹരിത വിദ്യാലയം പ്രാവർത്തികമാക്കുക
- മദ്യപാനം, മയക്കുമരുന്ന്എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും
- പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും
- കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

• പാഠ്യപാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽശുചിത്വം ലഹരിവിരുദ്ധ ക്യാമ്പസ് സൃഷ്ടിക്കുക

• പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

• മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ

• സ്വയം പഠനം സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന്സഹായകമായ ഭൗതിക സൗകര്യങ്ങളും ലൈബ്രറി ലാബ് പോലെയുള്ള സംവിധാനങ്ങളും സജ്ജമാക്കുക

• ഇവിടെ പഠിച്ച് പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരത്തുമുള്ള മറ്റു കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ ചേർക്കുന്ന മികവിലേക്ക് വിദ്യാലയത്തെ എത്തിക്കുക

• സ്കൂൾ അസംബ്ലിയിൽ എല്ലാ ദിനാചരണങ്ങളും ആഘോഷിക്കാറുണ്ട്

• പരിപാടികളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉണ്ട്

• ക്വിസ് മൽസരം,ഉപന്യാസരചന, കഥാരചന ,കവിത രചന, റാലികൾ,

• ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്താറുണ്ട്.

• മത്സരങ്ങളിൽ വിജയികളാകുന്ന കുട്ടികൾക്ക് ട്രോഫി ഉൾപ്പെടെയുള്ള പ്രോത്സാഹന സമ്മാനങ്ങൾ നൽകാറുണ്ട് .

## അക്കാദമിക മികവിനായിഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- വായനശേഷി വികസനം
- ലൈബ്രറി ശാക്തീകരണം
- പഠനയാത്രകൾ
- സ്കൂൾ, പത്രം , മാസിക
- പച്ചക്കറി തോട്ടം
- മെഡിക്കൽ ക്യാമ്പുകൾ
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- ചിത്രരചന ക്യാമ്പ്
- ശാസ്ത്രം,ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഐടി, പ്രവർത്തി പരിചയം മേളകൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## മലയാളം

### പ്രതീക്ഷിത നേട്ടങ്ങൾ

പഠിതാവിനെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുന്നു. സർഗശേഷി വികസനം, ഭാഷാപഠനത്തിന് താത്പര്യം ജനിപ്പിക്കുന്ന രീതിയിൽ ഐ.സി.ടി സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നു; ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, പത്രവായന പരിപോഷിപ്പിക്കുക.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | നിർവഹണ ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ചിത്രം, അടിക്കുറിപ്പ്, പുസ്തകവായന, കഥകൾ, കവിതകൾ എന്നിവ കേൾപ്പിക്കൽ | മൂന്നുമാസം | ചിത്രങ്ങൾ, പുസ്തകങ്ങൾ | എസ്.ആർ.ജി. മലയാളം അധ്യാപകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | വായനോത്സവം സംഘടിപ്പിക്കൽ, സ്കൂൾ ലൈബ്രറി നവീകരിക്കൽ, വായനാമത്സരം സംഘടിപ്പിക്കുക, ക്വിസ് മത്സരം | മൂന്നുമാസം | പത്രങ്ങൾ, ക്ലാസ് ലൈബ്രറി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ | മലയാളം അധ്യാപകർ, എസ്.ആർ.ജി. |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുന്നു. | വായനാക്കുറിപ്പ് തയാറാക്കൽ, പതിപ്പ് | മൂന്നുമാസം | പോക്കറ്റ് ലൈബ്രറി പുസ്തകങ്ങൾ | എസ്.ആർ.ജി. മലയാളം അധ്യാപകർ |
| 4 | പത്രവായനയിലൂടെ പൊതുവിജ്ഞാനം, ഉച്ചാരണശുദ്ധി എന്നിവ വർദ്ധിക്കുന്നു | വാർത്തകൾ എഴുതി വായിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്വിസ് മത്സരങ്ങൾ നടത്തുന്നു. | എല്ലാദിവസവും | ലൈബ്രറി, കോർണർ, പുസ്തകങ്ങൾ | മലയാളം അധ്യാപകർ, എസ്.ആർ.ജി. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | നിർവഹണച്ചുമതല |
| --- | --- | --- | --- | --- |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്നു. | പൊതുവേദിയിൽ സ്വന്തം രചിച്ച കവിതകൾ/ലഘുനാടകങ്ങൾ, കഥാപ്രസംഗം, ദൃശ്യാവിഷ്കാരം എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം. | ഓഡിയോ വീഡിയോ | മലയാളം അധ്യാപകർ ലൈബ്രേറിയൻ |

# ENGLISH ACADEMIC YEAR PLAN 2025-26.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം<br>English Corner Study Time<br>English Cartoon പ്രദർശനം<br>English Assembly. | അവധിദിവസം ശനിയാഴ്ച | പി.ടി.എ, ടീച്ചേഴ്സ് | പി.ടി.എ |
| 2) ഇംഗ്ലീഷിൽ ഉള്ള ആവിഷ്കാരങ്ങൾക്ക് അവസരം കൊടുക്കുക. | Cinema and documentary -Profile and Script തയ്യാറാക്കുന്നതിന് വേണ്ടി English Cinemaയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ്സും പ്രവർത്തനങ്ങൾക്കും | ടീച്ചേഴ്സ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Role play, English day ആചരണം. പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | School English Voice, അക്ഷര കാർഡ്, പദകാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ. ലഘുലേഖ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, എന്റെ ഡയറി, News reading competitions | ക്ലാസ്റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേഴ്സ്, SRG | ഇംഗ്ലീഷ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) നാടകീകരണം | English Assembly, Skit പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി skit, കഥാപ്രസംഗം എന്നിവ തന്ത്രങ്ങൾ അവതരിപ്പിക്കുന്നു | ക്ലാസ്റൂം പ്രവർത്തനങ്ങൾ. | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| 5) കവിതാലപനം, കവിത രചനയ്ക്കു പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. Book Reviews രചനകളുടെ പ്രദർശനം (Magazine) | ക്ലാസ് പ്രവർത്തനങ്ങൾ, ശനിയാഴ്ചകൾ വർഷത്തിൽ രണ്ട് പ്രാവശ്യം | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ്. |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ | വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ, എഴുത്തുകാർ, നിരൂപകർ | വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ | പി.ടി.എ, SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്ഥാപനതല വിശകലനം |
|---|---|---|---|---|
| ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | English fest, English film കാണാനുള്ള അവസരം. | അക്കാദമിക് വർഷത്തിൽ ഒന്ന്. | ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ, SRG, മാനേജ്മെന്റ് |
| 7) സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, poets-ുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് ശനിയാഴ്ച | ഇംഗ്ലീഷ് ക്ലബ്ബ്, SRG | പി.ടി.എ, SRG, ഇംഗ്ലീഷ് ക്ലബ്ബ്. |

# Academic Masterplan For High school. Science 2025-2026.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1. കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡലുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | ക്ലാസുകളിൽ ലഘുപ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ. | സയൻസ് ക്ലബ് |
| ശാസ്ത്രലോകത്തെ നിരന്തരമായി അന്വേഷണം നടത്തുകയും പഠിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടാൻ കഴിയുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| | വർഷത്തിൽ 1 പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നല്കുന്നു. ശാസ്ത്രദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |
| സൈന്റിഫിക് ടെമ്പർ: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്രമാസിക ഉണ്ടായിരിക്കണം. സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഊർജ്ജ സാക്ഷരതയിൽ ബോധവൽക്കരണവും ചർച്ചാ ക്ലാസ്സും നടത്തൽ. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | കൃഷിവകുപ്പ് ഹരിതകേരള മിഷൻ. |
| വൈജ്ഞാനിക ബഹിർസ്ഫുരണം. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ ആശയങ്ങളും പരിചയപ്പെടുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ പ്രോജക്ട് ഇവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | രക്ഷിതാക്കൾ |

# ജീവശാസ്ത്രം അക്കാദമിക മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | • സ്കൂൾ ക്യാമ്പസിൽ പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക്<br>• ശാസ്ത്രനാമം, പ്രാദേശികനാമ വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി തന്നെ പുസ്തകമായി മാറുന്നു. | ഒരുവർഷം | ശാസ്ത്രാധ്യാപകർ | കൃഷിഭവൻ കർഷകർ |
| മാലിന്യമുക്ത ആരോഗ്യശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | • പരിസര ശുചീകരണം ശുചിത്വ ബോധവൽക്കരണം<br>• കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ആരോഗ്യക്ലാസ്-വൈദ്യപരിശോധന.<br>• ജീവിതശൈലി രോഗങ്ങളുമായ് ബന്ധപ്പെട്ട ക്ലാസുകൾ | [illegible]സമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | ആരോഗ്യവകുപ്പ് |

# സോഷ്യൽ സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തിയതികളിൽ (അക്കാദമിക വർഷം) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, തിരഞ്ഞെടുപ്പ് പരിചയപ്പെടുത്തൽ, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |

| | | | |
|---|---|---|---|
| ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കൽ. | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾക്കു് ഊന്നൽ വെക്കുന്നു. അറ്റ്ലസ് നിർമ്മാണം. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4. കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, ചരിത്രാന്വേഷണ പ്രോജക്ട്. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 5. വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും ജലാശയങ്ങളെ കുറിച്ചും, കാടുകൾ, സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## VISION

നാളത്തെ ബുദ്ധിയുള്ള, ചിന്താശേഷിയുള്ള, പ്രശ്നപരിഹാരശേഷിയുള്ള ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിതശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## MISSION

എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും, ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ പങ്കാളിത്തം ഉറപ്പാക്കുന്നരീതിയിൽ അധ്യാപനം നടത്തുക.

പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

ഗണിതശാസ്ത്ര ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC AND NON ACAEMIC ACTIVITIES

| MONTH | ACADEMIC FOCUS VIII | IX | X | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| JUNE | ഒപ്പത്തിനൊപ്പം പ്രവർത്തിയിലെ അവബോധ പരിശോധനയും പരിഹാരബോധനവും) വർഗങ്ങൾ, ത്രികോണങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | ഒപ്പത്തിനൊപ്പം പ്രവർത്തിയിലെ അവബോധ പരിശോധനയും പരിഹാരബോധനവും) സമവാക്യങ്ങൾ, ബഹുഭുജങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | ഒപ്പത്തിനൊപ്പം പ്രവർത്തിയിലെ അവബോധ പരിശോധനയും പരിഹാരബോധനവും) സമാന്തര ശ്രേണികൾ വൃത്തങ്ങളും കോണുകളും ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | ക്ലബ് ഉദ്ഘാടനം Problem of the week തുടക്കം Maths Bulletin Board സ്ഥാപിക്കൽ ജൂൺ 19 വായനാദിനാചരണം. |
| JULY | തുല്യത്രികോണങ്ങൾ വർഗ സമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | പുതിയ സംഖ്യകൾ ജ്യാമിതീയ ത്രികോണ പരപ്പ്, സമാന്തരവരകൾ ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | വൃത്തങ്ങളും കോണുകളും സമാന്തര ശ്രേണിയും ബീജഗണിതവും സാധ്യതകളുടെ ഗണിതം ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | ഗണിതമേളയിൽ [illegible] Weekly Maths Journal [illegible] Maths Talent test |
| AUGUST | ബഹുപദങ്ങൾ സമവാക്യ പരിഹാരം ഒന്നാം പാദവാർഷിക പരീക്ഷ & PTM | സമവാക്യങ്ങൾ ബഹുപദ ഗുണനം ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗണിത ക്വിസ് മത്സരം ഗണിത മാഗസിൻ Peer tutoring-Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ ഭിന്നസംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | ബഹുപദ ഗുണനം സദൃശത്രികോണങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | ത്രികോണമിതി. സൂചക സംഖ്യകൾ ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | സ്കൂൾ ഗണിതമേള Geogebra യിൽ പ്രത്യേക പരിശീലനം Sep-5 Teachers Day കുട്ടി ടീച്ചർ മത്സരം. |
| OCTOBER | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | ജ്യാമിതീയ വൃത്തങ്ങൾ വൃത്തങ്ങളുടെ [illegible] ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | സബ്ജില്ല ഗണിതമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കൽ Maths Puzzle Day [illegible] |

| | | | | |
|---|---|---|---|---|
| NOVEMBER | Vol II പാഠഭാഗങ്ങൾ ക്ലാസ്ടെസ്റ്റ് പരിഹാരബോധനം | രേഖീയസംഖ്യകൾ ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | Vol II പാഠഭാഗങ്ങൾ ക്ലാസ്ടെസ്റ്റ് പരിഹാരബോധനം | • ഷീൽഡ് ക്വിസ് സംഘടിപ്പിക്കൽ • 0 കൂടെ (π) യുടെ വിളിച്ചുനാൾ ഉൽകണ്ഠം NOV 4 [illegible] |
| DECEMBER | Vol II പാഠഭാഗങ്ങൾ അർധവാർഷിക പരീക്ഷ PTM | വൃത്തഭാഗങ്ങൾ, അർധവാർഷിക പരീക്ഷ PTM | Vol II പാഠഭാഗങ്ങൾ ചതുർഭുജങ്ങളും. അർധവാർഷിക പരീക്ഷ PTM | ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ ക്ലാസ്ടെസ്റ്റ് പരിഹാരബോധനം | സ്തംഭങ്ങൾ, ബഹുപദങ്ങൾ, ജ്യാമിതിയും ക്ലാസ്ടെസ്റ്റ്, പരിഹാരബോധനം | വിജ്ഞാനഭേരി | പോസ്റ്റർ നിർമ്മാണം |
| FEBRUARY | Vol II പാഠഭാഗങ്ങൾ ക്ലാസ്ടെസ്റ്റ് റിവിഷൻ | ജ്യാമിതിയും, സ്ഥിതിവിവരക്കണക്ക് ക്ലാസ്ടെസ്റ്റ് റിവിഷൻ | റിവിഷൻ മോഡൽ പരീക്ഷ PTM | π ചരിത്രവും പ്രാധാന്യവും സെമിനാർ |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | SSLC വിദ്യാർത്ഥികൾക്ക് ആശംസകൾ നേരൽ. |

V V V H SS AYATHIL KOLLAM

PHYSICAL EDUCATION DEPARTMENT

# ഹെൽത്ത് ആൻഡ് ഫിസിക്കൽ എജ്യുക്കേഷൻ

# മാസ്റ്റർ പ്ലാൻ 2025 -2026

## 1. ദർശനം (Vision)

ആരോഗ്യകരവും സൗഹൃദപരവുമായ പഠനാവസ്ഥയിലൂടെ ശാരീരികമായി ശക്തിയും മാനസികമായി നല്ല ചിന്താഗതിയുള്ള വ്യക്തിത്വം students-ൽ വളർത്തുക.

## 2. ദൗത്യങ്ങൾ (Mission)

- കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി വളർത്തുക.
- ശാരീരികക്ഷമതയും കായികശേഷിയും മെച്ചപ്പെടുത്തുക.
- ടീംവർക്കും നേതൃത്വം ഗുണങ്ങളും വളർത്തുക.

## 3. ലക്ഷ്യങ്ങൾ (Objectives)

- മോട്ടോർ കഴിവുകളും ശാരീരിക ക്ഷമതയും വികസിപ്പിക്കുക.
- വ്യക്തിഗത ശുചിത്വവും ആരോഗ്യ ശീലങ്ങളും പ്രോത്സാഹിപ്പിക്കുക.
- പോഷകാഹാരവും ഫസ്റ്റ് എയ്ഡും സംബന്ധിച്ച അറിവ് നൽകുക.
- കായിക മത്സരങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക.
- സാമൂഹ്യശീലങ്ങൾ കളികളിലൂടെ വളർത്തുക.

## 4. പ്രധാന മേഖലകൾ (Areas of Focus)

- **ശാരീരികക്ഷമത:** വ്യായാമം, കായിക പരിശീലനം,
- **ആരോഗ്യ വിദ്യാഭ്യാസം:** വ്യക്തി ശുചിത്വം, സമതുലിതാഹാരം, രോഗനിവാരണം
- **മാനസിക ക്ഷേമം:** മാനസിക സമ്മർദ്ദം നിയന്ത്രണം, സുഹൃത്തുനിലവാരങ്ങൾ
- **സാമൂഹ്യ കഴിവുകൾ:** ടീംവർക്കും സഹകരണവും

## 5. പ്രവർത്തന ഷെഡ്യൂൾ (പ്രവർത്തന കലണ്ടർ)

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ഫിറ്റ്നസ് പരിശോധന, യോഗ പരിചയം |
| ജൂലൈ | ടീം മത്സരങ്ങൾ, ആരോഗ്യ ബോധവത്ക്കരണ ക്ലാസുകൾ |
| ഓഗസ്റ്റ് | വിവിധ ഇനം കളികളുടെ പരിശീലനം, ശുചിത്വം വർക്ക്ഷോപ്പ് |
| സെപ്റ്റംബർ | സ്കൂൾ തല മത്സരങ്ങൾ, ഫസ്റ്റ് എയ്ഡ് പരിശീലനം |
| ഒക്ടോബർ | പുറംകായിക കളികൾ, മാനസികാരോഗ്യ ബോധവത്ക്കരണം |
| നവംബർ | സ്കൂൾ കായികമേളയുടെ തയ്യാറെടുപ്പ്, പോഷകാഹാര ബോധവത്ക്കരണം |
| ഡിസംബർ | വാർഷിക കായികമേള |
| ജനവരി | വിനോദ കായികങ്ങൾ, സമ്മർദ്ദ നിയന്ത്രണ പരിശീലനം |
| ഫെബ്രുവരി | കായികപ്രാവീണ്യ പരിശീലനം, ഗ്രൂപ്പ് ചർച്ചകൾ |
| മാർച്ച് | അന്തിമ ഫിറ്റ്നസ് പരിശോധന, വാർഷിക അവലോകനം |

## 6. നടപ്പാക്കൽ (Implementation)

- ദിവസേന ഫിസിക്കൽ എഡ്യൂക്കേഷൻ ക്ലാസുകൾ.
- ആഴ്ചയിൽ ഒരിക്കൽ ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്.
- മാസത്തിൽ ഒരിക്കൽ ബോധവത്ക്കരണ പരിപാടികൾ.
- വർഷത്തിൽ ഒരിക്കൽ കായികമേള.
- ക്രിക്കറ്റ് നെറ്റ്സിൽ പരിശീലനം.
- ഔട്ട് ഡോർ ഫിറ്റ്നസ് ഉപകരണങ്ങളിൽ പരിശീലനം .
- സൈക്കിൾ ചവിട്ടാനുള്ള പരിശീലനം .
- ഏറോബിക്സ് അസംബ്ലി.

## 7. മൂല്യനിർണയം (Evaluation)

- സ്ഥിരമായ പങ്കാളിത്ത നിരീക്ഷണം.
- കാലാകാലങ്ങളിൽ ഫിറ്റ്നസ് പരിശോധന.
- ആരോഗ്യ ശീല സർവേ.
- അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഫീഡ്ബാക്ക്.

## 8. പ്രതീക്ഷിക്കുന്ന ഫലങ്ങൾ (Expected Outcomes)

- കുട്ടികളിൽ മികച്ച ശാരീരിക ക്ഷമത.
- ആരോഗ്യ ബോധവും ശുചിത്വ ശീലങ്ങളും.
- കായിക മത്സരങ്ങളിൽ ആത്മാർത്ഥമായ പങ്കാളിത്തം.
- സാമൂഹ്യവികസനത്തിനും നേതൃത്വത്തിനും വേണ്ടി കുട്ടികളെ തയ്യാറാക്കുക.

# യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കാൻ | **കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് കളികൾ ഓരോ പഠിതാവിനും നൽകുന്നു.<br>**ഓർമച്ചെപ്പ്**<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, ജൈവ-വിഭവങ്ങൾ തുടങ്ങിയവ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യത ഉപയോഗിച്ച് Memory test നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>വാർഡ് സഭ, ഗ്രാമസഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| * പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ അവബോധവാന്മാരാക്കുന്നു. | <u>പ്രകൃതി ദുരന്തം നേർക്കാഴ്ച</u><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ വീഡിയോ ക്ലിപ്പിങ്ങുകളായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| * സഹജീവികളോട് സഹഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | <u>നന്മയുടെ നറുവെട്ടം</u><br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. വിതരണ മേളത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത മേഖലകളിൽ ആശ്വാസമെത്തിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

യു.പി സയൻസ് അക്കാദമിക മാസ്റ്റർപ്ലാൻ – 2025-26.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം ജൈവവേലി, മുളകൾ കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ ഉർജ്ജ ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് സയൻസ് ക്ലബ്ബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽ കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രധ്യാപകർ, ഉർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | <u>പരീക്ഷണക്കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണത്തിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു.<br>പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>മാസ്റ്റർ മൈൻഡ്</u><br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയ-ങ്ങളുമായി ബന്ധപ്പെട്ട Project-കൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാ-പകർ | സയൻസ് ക്ലബ്ബ്. |

| | | | |
|---|---|---|---|
| എക്സ്പോ- എക്സ്ചേഞ്ച്<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| <u>മുഖാമുഖം</u><br>ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര അറിവുകളുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പ ശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് പി.ടി.എ. |
| <u>യുറേക്കാ</u><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര- ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | |
|---|---|---|
| വിസ്മയയാത്ര<br>ICTയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക് വർഷം | ശാസ്ത്രാധ്യാപകർ |
| Atal Tinkering Laboratory<br>പ്രയോജനപ്പെടുത്തി പ്രതിഭാശാലികളുടെ ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D Projector ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യമല്ലാത്ത fullaine പോലുള്ള തന്മാത്രകളും, അവയുടെ മൈക്രോസ്കോപ്പുകളും മറ്റും ത്രിമാനരൂപത്തിൽ കാണിച്ചു കൊടുക്കുന്നു. ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. |

# UP ENGLISH ACADEMIC YEAR PLAN 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If you can- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഭാവാത്മക പരിശീലിപ്പിക്കുന്നു. | Reader of the Month<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | I too Can!!<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Grand Camp<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥ എഴുതൽ, ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്റ് | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |

# UP അക്കാദമിക മാസ്റ്റർ പ്ലാൻ
## മലയാളം

| ക്രമ നമ്പർ | മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ<br>- അക്ഷരഗാനം കേൾപ്പിക്കൽ<br>- അക്ഷരങ്ങളുടെ ഉച്ചാരണം കേൾപ്പിക്കുന്നു.<br>- അക്ഷരമാല/ചിഹ്നങ്ങൾ ചാർട്ട് നിർമ്മിക്കൽ<br>- അക്ഷര ഉറപ്പിക്കൽ (ICT)<br>- ചിത്രം നൽകി വാക്കുകൾ നിർമ്മിക്കുന്നു.<br>- വാക്യനിർമ്മാണം<br>- കഥ പൂർത്തിയാക്കൽ<br>- കഥ, കവിത വായന<br>- പത്രവായന<br>- ചിത്രത്തിൽ നിന്നും സംഭാഷണം രൂപപ്പെടുത്തൽ | 6 മാസം | മലയാളം അധ്യാപകർ | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|---|
| 2 | കേൾവി. | കഥ കേൾപ്പിക്കൽ<br>കവിത കേൾപ്പിക്കൽ<br>ആശയ വിവരണം<br>വാർത്ത കേൾപ്പിക്കൽ | 1 വർഷം | മലയാളം അധ്യാപകർ | | |
| 3 | എഴുത്ത് | എഴുത്തുകൂട്ട രൂപീകരണം<br>പുസ്തക ചർച്ച<br>വായനക്കുറിപ്പ് പതിപ്പ്<br>ആസ്വാദന കുറിപ്പ്<br>വ്യക്തിഗതരചന<br>ചുമർപത്രിക നിർമ്മിക്കൽ<br>പതിപ്പ് നിർമ്മിക്കൽ<br>ഉപന്യാസം | | | | |

| ക്രമനമ്പർ | മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 4. | വായന | വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല<br>പത്രവായന<br>വായന പതിപ്പ്<br>വായനക്കുറിപ്പ്<br>ദിനാചരണങ്ങൾ<br>കാവ്യാലാപനം<br>പുസ്തകപരിചയം | | | |
| 5. | സംഭാഷണം | ഒരു സംഭാഷണരൂപത്തിൽ അവതരണം<br>- ചിത്രം നൽകി സംഭാഷണം ഉൾപ്പെടുത്തൽ<br>- സംവാദം<br>- പ്രസംഗം<br>- റോൾ പ്ലേ<br>- സ്വയം പരിചയപ്പെടുത്തൽ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 UP Mathematics.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളും ഉറപ്പുവരുത്തുന്നു. | ഗണിതശില്പശാല<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (Number Cards, beads, flashcard, manjadi, ...) ഉപയോഗിക്കുന്നു | June | ഗണിതാധ്യാപകർ | |
| 2. സങ്കീർണമായ ഗണിതശാസ്ത്ര പഠനവും ആശയങ്ങളും മെച്ചപ്പെടുത്തലും വികാസവും | ഒറിഗാമി ശില്പശാല.<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പഠിപ്പിക്കുന്നു, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ രണ്ടുപ്രാവശ്യം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | ഗണിത ക്ലബ്, PTA |
| | വിദ്യാലയത്തിലെ ഒരു മുറിയിൽ | ആവശ്യാനുസരണം | ഗണിത ക്ലബ് | |
| | ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ഒരു പ്രാവശ്യം | ഗണിതാധ്യാപകർ, ക്ലബ് മെമ്പർമാർ | PTA. |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | വർഷത്തിൽ ആവശ്യാനുസരണം | ഗണിതാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4. ഗണിത മ്യൂസിയത്തെ | ഗണിതചാർട്ട്. ജ്യാമിതീയരൂപങ്ങൾക്ക് ആവശ്യം നൽകി Cardboard ൽ രൂപങ്ങൾ വെട്ടിയെടുത്ത് Park നിർമ്മിക്കുന്നു. | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ക്ലബ്, PTA. |
| 5. ഗണിതമേള കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | ഗണിതഗാനം. ഗണിതത്തിൽ പ്രാവീണ്യമുള്ള മറ്റ് മേഖലകളിലുള്ളവരെ കണ്ടെത്തി കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. IT സാധ്യത. | വർഷത്തിൽ 2,3 പ്രാവശ്യം. | HMs, ~~Club~~ Club leaders. | PTA |
| 6. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി ഉപയോഗപ്പെടുത്തുന്നു.. | ജ്യാമിതീയരൂപങ്ങൾ, ചതുര് കോണുകൾ, Tangram, തുടങ്ങിയ പ്രവർത്തനങ്ങൾ IT സാധ്യത ഉപയോഗപ്പെടുത്തുന്നു. | മാസത്തിൽ 1 പ്രാവശ്യം | ഗണിതാദ്ധ്യാപകർ. | |

| | | | |
|---|---|---|---|
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |
| 8. വിവിധ ശേഷികളുടെ വികസനം | ദിനാചരണം. ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. |

||

## അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

മേഖല യു.പി. ഹിന്ദി

| Sl.no. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തിക വിശദാം |
| --- | --- | --- | --- | --- | --- | --- |
| 1. | UP (5,6,7 ക്ലാസ്) തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. (ഹിന്ദി അക്ഷരമാല മുതൽ തിരിച്ചറിയുന്നതിനായി ഹിന്ദി ഉച്ചാരണമനുസരിച്ച് അക്ഷരങ്ങളെ ചിഹ്നമനുസരിച്ച് അവയെ ഒരുക്കുക, പരിചയപ്പെടുത്തുക. | • അക്ഷരം ഉറപ്പ്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരങ്ങൾ പ്രദർശനം<br>• ഓൺലൈൻ അക്ഷരങ്ങൾ കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമാണം<br>• വാക്യങ്ങളുടെ നിർമാണം (ചുരുങ്ങിയ പദങ്ങൾ, പദങ്ങൾ [illegible] അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി ഓരോന്നും പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരങ്ങൾ ടി.വി.യിൽ അക്ഷര രചന കാണിക്കൽ എന്നിവ.) | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷര കാർഡ് ചാർട്ട് പുസ്തകം | ഹിന്ദി അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ഹിന്ദി വായന : ഒന്നുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം നൽകുന്നു. (വീട് ഒരു പരിശീലനശാലയാക്കി അവിടെ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും<br>• ഹിന്ദി ചിത്രകഥകൾ അടങ്ങിയ C.D യിൽ പ്രദർശിപ്പിക്കും.<br>• കവിതാലാപനം<br>• കഥാകഥനം<br>• അനുഭവകഥ<br>(വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ, വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക) | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | ഹിന്ദി അദ്ധ്യാപകർ |
| 3. | ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുന്നതിനു ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ദിശ പരിചയപ്പെടുന്നു. | • ഹിന്ദി വാക്കും വികൃതമാക്കി വാക്കുകളിൽ ഉപയോഗിക്കും, അവയുടെ ശരിയ ശരിയ അവസരങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും<br>• ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന പദങ്ങൾ ക്ലാസിൽ കൊണ്ടുവരും<br>• വായന ക്ലാസ്സ് :- ഹിന്ദി ഒന്നിച്ച് അദ്ധ്യാപകർ വായിക്കും കുട്ടികൾ ശോഭയോടെ അത് ഏറ്റുചൊല്ലി വായിക്കും. | നവംബർ മുതൽ ജനുവരി വരെ | പാഠപുസ്തകം | ഹിന്ദി അദ്ധ്യാപകർ |